No. LCO 1340/2025/EN(2)

ലേബർ കമ്മീഷണറുടെ കാര്യാലയം,
തൊഴിൽ ഭവൻ, വികാസ് ഭവൻ (പി.ഒ),
തിരുവനന്തപുരം - 695 033,
ഫോൺ: 0471 2783950
E-mail: gsectionlcoffice@gmail.com
തീയതി :10-03-2025

## സർക്കുലർ 08 /2025

വിഷയം : തൊഴിൽ വകുപ്പ് — കടകളിലും മറ്റ് വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന സെക്യൂരിറ്റി ജീവനക്കാർക്ക് ഇരിപ്പിടം, സുരക്ഷാ ഉപകരണങ്ങൾ, മറ്റ് അടിസ്ഥാനസൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നത് —സർക്കുലർ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്

സൂചന :
1. കേരള കടകളും വാണിജ്യസ്ഥാപന നിയമം 1960.
2. കേരള കടകളും വാണിജ്യസ്ഥാപന ഭേദഗതി നിയമം 2018.
3. കേരള കടകളും വാണിജ്യസ്ഥാപനിയമം-1961-ലെ ചട്ടങ്ങൾ

സംസ്ഥാനത്ത് കടകളിലും മറ്റ് വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഡ്യൂട്ടി സമയങ്ങളിൽ മണിക്കൂറുകളോളം നിന്ന് കൊണ്ട് ജോലി ചെയ്യുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി സർക്കാർ **Kerala Shops & Commercial Establishment Act -1960** ഭേദഗതി വരുത്തുകയും പുതിയതായി വകുപ്പ് 21 (ബി) കൂട്ടി ചേർക്കുകയുണ്ടായി. ടി വകുപ്പും 1961-ലെ കേരള കടകളും വാണിജ്യസ്ഥാപന നിയമ ചട്ടങ്ങളിലെ Rule-6(4)(a)-യും ചുവടെ ചേർക്കുന്നു.

*[Insertion of new section 21 B- after section 21 A of the principle act, the following section shall be inserted, namely "Section 21B. Seating facilities—In every shop and establishment suitable arrangements for sitting shall be provided for all workers so as to avoid 'on their toes' situation throughout the duty time, so that they may take advantage of any opportunity to sit which may occur in the course of their work"]*

*[Rule 6(4)(a) The employer shall provide to the employees protective equipments and clothings in conformity with the quality prescribed by the Bureau of Indian Standards Where there is likelihood of bodily injury or exposure to physical or chemical hazards]*

എന്നാൽ കടകളിലും വാണിജ്യസ്ഥാപനങ്ങളുടെയും സുരക്ഷാ ചുമതലയുള്ളവരും സ്ഥാപനത്തിന് വെളിയിലും തുറസ്സായ സ്ഥലങ്ങളിലും ജോലി നോക്കുന്നവരുമായ സെക്യൂരിറ്റി ജീവനക്കാർക്ക് സൂചന (2) & (3) പ്രകാരമുള്ള ഇരിപ്പിടസൗകര്യമോ മറ്റ് അടിസ്ഥാനസൗകര്യങ്ങളോ, സുരക്ഷാ ഉപകരണങ്ങളോ മിക്ക അവസരങ്ങളിലും ലഭിക്കാറില്ലെന്ന് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. തൊഴിൽ സ്ഥലത്ത് സെക്യൂരിറ്റി ജീവനക്കാർ നേരിടുന്ന അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, തുടർച്ചയായി നിന്ന് കൊണ്ടുള്ള ജോലി, പ്രത്യേക ജോലി സ്വഭാവം കാരണം മറ്റ് ജോലികളിൽ നിന്ന് വ്യത്യസ്തമായി ശരിയായ support system ലഭിക്കാത്തത് എന്നിവ അത്തരം ജീവനക്കാരുടെ മാനസികവും

ശാരീരികവുമായ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നതായും വിലയിരുത്തുന്നു. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ സെക്യൂരിറ്റി ജീവനക്കാരുടെ ക്ഷേമവും സുരക്ഷയും മുൻനിർത്തി താഴെ കൊടുത്ത നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു-

- സംസ്ഥാനത്തെ കടകളിലും മറ്റ് വാണിജ്യസ്ഥാപനങ്ങളിലും സ്ഥാപനത്തിന് പുറത്തും തുറസ്സായ സ്ഥലങ്ങളിലും ജോലി ചെയ്യുന്ന സെക്യൂരിറ്റി ജീവനക്കാർക്ക് മേൽ നിയമഭേദഗതിയുടെ അടിസ്ഥാനത്തിൽ തൊഴിലുടമകൾ ഇരിപ്പടം, പ്രതികൂല കാലാവസ്ഥ പ്രതിരോധിക്കുന്നതിനാവശ്യമായ കുട, കുടിവെള്ളം മറ്റ് അടിസ്ഥാന സംവിധാനവും തൊഴിലുടമകൾ ഒരുക്കേണ്ടതാണ്.
- National Highway, State Highway തുടങ്ങിയ പ്രധാന പാതയോരങ്ങൾ ചേർന്ന് പ്രവർത്തിക്കുന്ന ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സെക്യൂരിറ്റി ജീവനക്കാർ പല അവസരങ്ങളിലും തങ്ങളുടെ സ്ഥാപനത്തിലേക്ക് യാത്രക്കാരായ customers-നെ എത്തിക്കുന്നതിനായി മണിക്കുറുകളോളം വെയിലത്ത് നിന്ന് കൊണ്ടും പ്രദൂഷിതമായ അന്തരീക്ഷത്തിലും ജോലി ചെയ്യുന്നതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അത്തരം ജീവനക്കാർക്ക് സുരക്ഷാമാനദണ്ഡങ്ങൾ പ്രകാരമുള്ള day/night reflective കോട്ടുകൾ, തൊപ്പി, കുടകൾ (canopy), കുടിവെള്ളം, സുരക്ഷാ കണ്ണടകൾ (goggles for protection from ultra violet rays) എന്നിവയും തൊഴിലുടമകൾ നൽകേണ്ടതാണ്.
- ടി സർക്കുലറിന് പ്രിന്റ് ഇലക്ട്രോണിക് മാധ്യമങ്ങൾ മുഖേന പ്രചാരണം നൽകുന്നതിന് ജില്ലാ ലേബർ ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ തൊഴിലുടമകൾ ടി നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് എല്ലാ ജില്ലാ ലേബർ ഓഫീസർമാരും ഉറപ്പുവരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ എല്ലാ അസി.ലേബർ ഓഫീസർമാർക്കും നൽകേണ്ടതുമാണ്.
- ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ സെക്യൂരിറ്റി മേഖല കേന്ദ്രീകരിച്ച് സ്ക്വാഡ് പരിശോധനകൾ നടത്തി മിനിമം വേതനം, ഓവർടൈം വേതനം, അർഹമായ ലീവുകൾ, തൊഴിൽ പരമായ മറ്റ് ആനുകൂല്യങ്ങൾ എന്നിവ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ സ്ഥാപനം വേതന സുരക്ഷാ പദ്ധതി (WPS) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്
- ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ സെക്യൂരിറ്റി മേഖല കേന്ദ്രീകരിച്ച് നടത്തുന്ന സ്ക്വാഡ് പരിശോധനകളിലും അസി. ലേബർ ഓഫീസർ ഗ്രേഡ്-2 മാർ നടത്തുന്ന routine സ്ഥാപന പരിശോധനകളിലും മേൽ പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ സെക്യൂരിറ്റി ജീവനക്കാർക്ക് നൽകുന്നുണ്ടെന്ന് പരിശോധിക്കേണ്ടതും തൊഴിലുടമകളെ ബോധവൽക്കരിക്കേണ്ടതുമാണ്.

- എല്ലാ റിജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരും സർക്കുലർ നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശം ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർമാർക്ക് നൽകേണ്ടതാണ്.

LABOUR COMMISSIONER

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട് (En)

പകർപ്പ്-

1. എല്ലാ റിജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്കും
2. എല്ലാ ജില്ലാ ലേബർ ഓഫീസർമാക്കും
3. എല്ലാ അസി.ലേബർ ഓഫീസർ ഗ്രേഡ്-2 മാർക്കും
4. വെബ് പോർട്ടൽ
5. പബ്ലിസിറ്റി വിഭാഗം
6. കരുതൽ ഫയൽ